■ ലേഖനം

ജമാൽ കടന്നപ്പള്ളി

# വഴികാട്ടേണ്ടത് ഖുർആൻ

**തൗഹീദ്** അഥവാ ഏകദൈവവിശ്വാസം ഓരോ മനുഷ്യന്റെയും ആത്മാവിനെ അടിമുടി മാറ്റിപ്പണിയും. ആത്മ സംസ്കരണത്തിലാണ് തൗഹീദിന്റെ നാരായവേര് കിടക്കുന്നത്. നിരന്തരവും സമഗ്രവുമായ പ്രവർത്തനങ്ങളിലൂടെ തൗഹീദ് ആത്മാവിനെ സംസ്കരിച്ചെടുക്കുകയും അല്ലാഹുവിങ്കലേക്ക് തിരിച്ചെത്തിക്കുകയും ചെയ്യുന്നു. അതോടെയാണ് ഒരു വ്യക്തിയിൽ തൗഹീദീ ലക്ഷ്യം പൂർത്തിയാക്കപ്പെടുന്നത്. ഇതിനു പക്ഷേ പിഴച്ച സ്വൂഫിസത്തിന്റെ വക്രവഴികൾ സ്വീകരിക്കരുത്. നബി(സ)യുടെ സുന്നത്തും സ്വഹാബത്തിന്റെ പ്രവർത്തനരീതിയുമാണ് എക്കാലത്തും അതിനുള്ള മൗലികാധാരം. യഥാർഥ ഇസ്‌ലാമിക തസ്വവ്വുഫിന്റെ വക്താക്കളൊക്കെ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും വെളിച്ചം ഉൾക്കൊണ്ടവരായിരുന്നു. ഇതേ ഋജുപാതയിലത്രെ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സഞ്ചരിക്കുന്നത്. ഖുർആൻ പറയുന്നു: “പ്രവാചകരെ പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. അപ്പോൾ അല്ലാഹു നിങ്ങളെയും സ്നേഹിക്കും” (*ആലുഇംറാൻ* 31).

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് വിനോദിക്കാനല്ല; ഉദ്ദേശ്യപൂർവമാണ്. ഒരു വിശ്വാസിയുമായി നാഥൻ സദാ സംവദിക്കുന്നുണ്ട്. ഇതിനുള്ള മാധ്യമമത്രെ മനുഷ്യന്റെ ആത്മാവ്. അതിനാൽ ആത്മാവിനെ നാം സദാ സംസ്കരിച്ചുവെക്കണം. എത്രത്തോളം നമുക്ക് ആത്മവിശുദ്ധിയുണ്ടോ അതേ അളവിലായിരിക്കും സാക്ഷാൽ പരിശുദ്ധനായ അല്ലാഹുവിന്റെ വെളിച്ചം (നൂറുല്ലാഹ്) നമുക്ക് ലഭിക്കുക. അപ്പോൾ അല്ലാഹുവെ അറിയാനും അവനിലേക്ക് അടുക്കാനും നാം ശ്രമിക്കുന്നതിനനുസരിച്ച് നമുക്ക് മനഃസംസ്കരണവും മനക്കരുത്തും ശാന്തിയും ലഭിക്കും. നമ്മുടെ ആത്മാവ് സദാ അല്ലാഹുവെ തേടുകയെന്നത് അതിന്റെ പ്രകൃതമാണ്. മനുഷ്യസൃഷ്ടിപ്പിനെപ്പറ്റി പറയുമ്പോൾ വിശുദ്ധ ഖുർആൻ ആവർത്തിക്കുന്ന വാക്യമാണ് ‘വനഫഖ്ത്തു ഫീഹി മിൻറൂഹീ’ (എന്റെ ആത്മാവിൽനിന്ന് ഞാൻ അവനിൽ ഊതി) എന്നത്. ഇത് അല്ലാഹുവും മനുഷ്യാത്മാവും തമ്മിലുള്ള അതിശക്തമായ പരസ്പര ബന്ധത്തെ സൂചിപ്പിക്കുന്നു. തന്റെ ഏറ്റവും ഇഷ്ട സൃഷ്ടിയാണ് മനുഷ്യാത്മാവെന്നും അതിന്റെ ‘തറവാട്’ ഭൂമിയല്ല ആകാശലോകമാണെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടത്രെ വിശ്വാസിയുടെ മരണവേളയിൽ മലക്കുകൾ ‘തിരിച്ചുവരൂ’ (ഇർജിഈ) എന്നു പറയുന്നത്. “സമാധാനം പ്രാപിച്ച ആത്മാവേ നിന്റെ നാഥങ്കലേക്ക് തിരിച്ചുവന്നുകൊള്ളുക. സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട് എന്റെ ഉത്തമ ദാസന്മാരിൽ ചേർന്നുകൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക” (*അൽഫജ്ർ* 27-30). തൗഹീദീപാതയിലൂടെ സമ്പൂർണമായി സംസ്കരിക്കപ്പെടുകയും തദ്ഫലമായി തന്റെ റബ്ബിനെ സംതൃപ്തമായി ഉൾക്കൊള്ളാനും ശാന്തിയടയാനും ഭാഗ്യം സിദ്ധിക്കുകയും ചെയ്ത മനുഷ്യാത്മാവിനെക്കുറിച്ചാണ് ഇവിടെ പരാമർശം. ശിർക്കും കുഫ്‌റും നിഫാഖും ജാഹിലിയ്യത്തും കലരാത്ത സംശുദ്ധ ഹൃദയം. പകയും വെറുപ്പും അഹങ്കാരവും അസൂയയും പിശുക്കും സ്വാർഥതയും തീണ്ടാത്ത ഹൃദയം. തെളിനീർ തടാകം പോലെ, മഞ്ഞുതുള്ളിപോലെ, നക്ഷത്രസ്മിതം പോലെ പരിശുദ്ധമായ ആത്മാവ്! തീർച്ചയായും വിശുദ്ധഖുർആന്റെ അച്ചിൽ സ്വയം വാർത്തെടുക്കാൻ തയാറായാൽ മാത്രമേ ഇത്തരമൊരവസ്ഥ പ്രാപിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ‘നബി(സ)യുടെ സ്വഭാവം ഖുർആനായിരുന്നു’വെന്ന് ആഇശ(റ) സാക്ഷ്യപ്പെടുത്തിയത് ശ്രദ്ധിക്കുക. ഖുർആന്റെ പഠനവും മൗനവും പ്രബോധനവും നമ്മുടെ കർത്തവ്യമാണ്. നബി(സ) അരുൾ ചെയ്യുന്നു: “ഈ ഖുർആൻ അല്ലാഹുവിന്റെ വിരുന്നാണ്. നിങ്ങൾ സാധ്യമാവുന്നത്ര അവന്റെ വിരുന്നിൽ പങ്കുചേരുക. ഈ ഖുർആൻ അല്ലാഹുവിന്റെ പാശമാണ്. തെളിമയാർന്ന വെളിച്ചമാണ്. പ്രയോജനകരമായ ശമനിയാണ്. മുറുകെപ്പിടിച്ചവന് അത് സുരക്ഷിതമായിരിക്കും. പിൻപറ്റിയവന് അത് രക്ഷയായിരിക്കും.... നിങ്ങളത് പാരായണം ചെയ്യണം. അതുവഴി അതിന്റെ ഓരോ അക്ഷരത്തിനും പത്ത് നന്മകളുടെ പ്രതിഫലം ലഭിക്കും” (ഹാകിം). മറ്റൊരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: “അകത്ത് ഖുർആനിൽനിന്ന് ഒന്നുംതന്നെ ഇല്ലാത്ത മനുഷ്യൻ ആൾപാർപ്പില്ലാത്ത വീട് പോലെയാകുന്നു” (തിർമിദി). ആൾപാർപ്പില്ലാത്ത വീട്ടിൽ പാമ്പും തേളും ചിലന്തിവലയുമൊക്കെ കണ്ടേക്കാം. ക്രമേണ ആ ഭവനം ജീർണിച്ച് തകരുകയും ചെയ്യും. ഖുർആൻ പറഞ്ഞു: “അല്ലയോ ജനങ്ങളേ, നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള ഉപദേശം സമാഗതമായിക്കഴിഞ്ഞു. അത് മനസ്സിലുള്ള രോഗങ്ങൾക്ക് ശമനമാണ്. അത് സ്വീകരിക്കുന്നവർക്ക് സന്മാർഗ ദർശനവും അനുഗ്രഹവുമാണ്. പ്രവാചകരേ പറയുക, അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ടാണ് അവൻ ഇതയച്ചുതന്നത്. അതിനെ ചൊല്ലി നാം സന്തോഷിക്കേണ്ടതാകുന്നു. ജനം ശേഖരിച്ചുകൊണ്ടിയിരുന്ന സകല വസ്തുക്കളെക്കാളും ഉൽകൃഷ്ടമാകുന്നു

അത് (*യൂനുസ്* 57).

വിശുദ്ധ ഖുർആനിലൂടെയാണ് ഹൃദയ ശുദ്ധിയും മനോദാർഢ്യവും ജീവിതസംസ്കരണവും നേടിയെടുക്കാനാവുക. അതിന് ആദ്യം വിശുദ്ധഖുർആന്റെ അർഥതലങ്ങൾ യഥാവിധി പഠിക്കാൻ തയാറാവണം. അർഥമറിയാതെ ഖുർആൻവായിക്കുന്നത് ഉദ്ദിഷ്ട ഫലം ചെയ്യില്ല. വായിച്ചു ചിന്തിക്കണമെന്ന് ഖുർആൻ തന്നെ നിരവധിയിടങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'വായിക്കുക' എന്നു പറഞ്ഞാൽതന്നെ അതിലൊരു 'മനസ്സിലാക്കലു'ണ്ടല്ലോ. ഉദാ: പത്രവായന. പത്രം വായിച്ചുവെന്നു പറഞ്ഞാൽ അതിനർഥം പത്രം വഴി നാം ലോകവിവരങ്ങൾ അറിഞ്ഞുവെന്നാണല്ലോ. ഈ പ്രാഥമിക നീതിയെങ്കിലും വിശുദ്ധ ഖുർആനോട് കാട്ടേണ്ടതില്ലേ?

## ഇസ്തിഖാമത്ത്

തൗഹീദ് നമ്മോട് സദാ ആവശ്യപ്പെടുന്നതാണ് ത്യാഗം. ത്യാഗമെന്നത് എഴുതാനുള്ള പദമോ പ്രസംഗിക്കാനുള്ള വാക്കോ അല്ല. അത് നഷ്ടപ്പെടലാണ് അഥവാ നേടാനുള്ള നഷ്ടപ്പെടൽ. നിരന്തര പ്രവർത്തനമാണ് അതിന്റെ മേഖല. ലക്ഷ്യം നേടാൻ സർവസ്വവും സമർപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം. അതിന് അവശ്യം വേണ്ടതത്രെ ഇസ്തിഖാമത്ത്. ഇസ്തിഖാമത്ത് ഉണ്ടെങ്കിലേ നമുക്ക് ലക്ഷ്യത്തിൽ ഉറച്ചുനിൽക്കാനാവൂ. ഇസ്തിഖാമത്തിന്റെ പദാർഥം 'ഉറച്ചുനിൽക്കലാ'ണ്. എന്നാൽ അതിന്റെ സാങ്കേതിക വിവക്ഷ ചലനമത്രെ. 'ജീവിതാവസാനം വരേക്കും വഴിതെറ്റാതെ ഇസ്ലാം പഠിപ്പിക്കുന്ന പാതയിൽ ചലിക്കുക' എന്ന് പണ്ഡിതന്മാർ ഇസ്തിഖാമത്തിനെ നിർവചിക്കുന്നു. വിശുദ്ധ ഖുർആൻ പറഞ്ഞു: "ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പ്രഖ്യാപിച്ച് അതിൽ അടിയുറച്ച് ജീവിക്കുന്നവരുടെ മേൽ മലക്കുകൾ ഇറങ്ങുന്നുണ്ട്. അവർ അവരോട് പറയും: ഭയപ്പെടേണ്ട. ദുഃഖിക്കേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്ത സ്വർഗത്തിന്റെ സുവാർത്തയാൽ സന്തുഷ്ടരാവുക" (*ഫുസ്സിലത്ത്* 30). ഉമർ(റ) മിമ്പറിൽനിന്ന് ഈ സൂക്തം പാരായണം ചെയ്തുകൊണ്ട് പറഞ്ഞു: "അല്ലാഹുവാണ സത്യം! ഇസ്തിഖാമത്ത് തെരഞ്ഞെടുത്തവർ അല്ലാഹുവിനെ അനുസരിക്കുന്നതിൽ ഉറച്ചുനിൽക്കുന്നവരാണ്. പെൺകുറുക്കന്മാരെ പോലെ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്നവരല്ല" (ഇബ്നു ജരീർ). ഉസ്മാൻ (റ) പറഞ്ഞു: "അവർ അല്ലാഹുവിനുവേണ്ടി മാത്രം ആത്മാർഥതയോടെ പ്രവർത്തിക്കുന്നവരാണ്." അലി(റ) പറഞ്ഞു: "അല്ലാഹു നിർബന്ധമാക്കിയ ബാധ്യതകൾ അനുസരണപൂർവം നിർവഹിക്കുന്നവരാണ്" (കശ്ശാഫ്).

കടുത്ത പീഡനപർവങ്ങളിലൂടെ സഞ്ചരിക്കേണ്ടിവന്നിട്ടുണ്ട് പ്രവാചകന്മാർക്കും അനുചരന്മാർക്കും. മർദന പീഡനങ്ങളിൽ അവർ പതറിയില്ല. ഇഛാശക്തിയോടെ ഉറച്ചുനിന്നു. കടുത്ത പ്രതിസന്ധിവേളകളിലും പ്രകോപിതരായില്ല. കാരണം അവരുടെ ലക്ഷ്യം അത്രയും മഹത്തരമായിരുന്നു. മനുഷ്യർക്ക് ശാന്തിയും സമാധാനവും നൽകുന്ന ഇസ്ലാമിന്റെ പ്രബോധനം... 'സ്വൻആ മുതൽ ഹദറമൗത്ത് വരെ' പുലരേണ്ടുന്ന ശാന്തിവിപ്ലവം... അതുകൊണ്ടാണ് ഒരു 'തിരിച്ചടി'യെക്കുറിച്ചു പോലും ചിന്തിക്കാതെ നബി(സ) ഇങ്ങനെ പറഞ്ഞത്: "യാസിർ കുടുംബമേ ക്ഷമിക്കൂ... നിങ്ങൾക്ക് പകരം ലഭിക്കുക സ്വർഗമാണ്."

ഈ കാലഘട്ടത്തിലെ തൗഹീദീ പ്രബോധകർ നേരിടുന്ന കടുത്ത വെല്ലുവിളി മാനസികപീഡനമാണ്. മുഴുവൻ മർദന പീഡനങ്ങളെയും നേരിടാൻ നാം ആയുധമാക്കേണ്ടത് ഇസ്തിഖാമത്താണ്. മക്കയിൽ സ്വഹാബത്ത് നിന്നേടത്ത് നിൽക്കാൻ നാം ശീലിക്കണം. അവരുടെ ത്യാഗകഥകൾ പറഞ്ഞ് യുവാക്കളുടെ രക്തം തിളപ്പിക്കുന്നവർ പക്ഷേ, സംഗതിയുടെ യഥാർഥ പാഠം-ഇഛാശക്തിയും ശുഭാപ്തിവിശ്വാസവും സമചിത്തതയും നിറഞ്ഞ അവരുടെ ഇസ്തിഖാമത്ത്-പരാമർശിക്കാറില്ല. അത് ശീലിക്കാൻ ചെറുപ്പക്കാരെ പ്രേരിപ്പിക്കാറില്ല. 'ദഅ്വത്ത്' എത്താത്ത മഹാഭൂരിപക്ഷം അധിവസിക്കുന്ന, മക്കയേക്കാൾ സംയമനം പാലിക്കേണ്ടുന്ന ഒരു ബഹുസ്വര സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്ന് പഠിപ്പിക്കാറില്ല. നമ്മുടെ പ്രകോപനമാണ് ശത്രുക്കളുടെ മുഖ്യ ലക്ഷ്യമെന്ന സത്യം ബുദ്ധിപൂർവം ഉൾക്കൊള്ളാറില്ല...

തൗഹീദിന്റെ വക്താക്കൾ ഇസ്തിഖാമത്ത് ശീലിച്ചേ തീരൂ. മക്കയിൽ നബി(സ)യും അനുചരന്മാരും വിജയം നേടിയത് ഇസ്തിഖാമത്ത് കൊണ്ടായിരുന്നെങ്കിൽ, തീർച്ചയായും നമുക്കും മറ്റൊരു വഴിയില്ല. ഖുർആൻ പറഞ്ഞു: "പ്രവാചകരേ, താങ്കളും പശ്ചാത്തപിച്ചു വന്നവരും നിങ്ങളോട് കൽപിച്ച പോലെ സന്മാർഗത്തിൽ ഉറച്ചുനിൽക്കുക. പരിധികൾ അതിലംഘിക്കരുത്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം നിങ്ങളുടെ നാഥൻ കാണുന്നുണ്ട്" (*ഹൂദ്* 112).

ഇസ്തിഖാമത്തിന്റെ കാതലായ *സ്വബ്റ്* (ക്ഷമ) നേടിയെടുക്കുകയെന്നത് എളുപ്പമല്ല. 'വസ്തഈനൂ ബിസ്സ്വബ്രി വസ്സ്വലാ' എന്ന *അൽബഖറ* അധ്യായത്തിലെ 45-ാം സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് സയ്യിദ് മൗദൂദി എഴുതുന്നു: "സ്വബ്ർ എന്ന അറബി വാക്കിന്റെ ഭാഷാർഥം തടഞ്ഞുവെക്കുക, ബന്ധിക്കുക എന്നൊക്കെയാണ്. ദേഹേഛകളുടെ പ്രലോഭനങ്ങൾക്കും പുറമെനിന്നുള്ള വിഷമതകൾക്കുമെതിരിൽ മനസ്സാക്ഷി ഇഷ്ടപ്പെടുന്ന മാർഗത്തിലൂടെ നിരന്തരം പുരോഗമിക്കാൻ സഹായകമാകുന്ന നിശ്ചയദാർഢ്യവും ആത്മസംയമനവും ഇഛാനിയന്ത്രണവുമാണ് അതുകൊണ്ടുള്ള വിവക്ഷ. പ്രസ്തുത ധാർമികഗുണം തങ്ങളിൽ ഉപര്യുപരി വളർത്തണമെന്നും പുറമെനിന്ന് അതിന് ശക്തി സംഭരിക്കാനായി നമസ്കാരം നിഷ്ഠയോടെ അനുഷ്ഠിക്കണമെന്നുമാണ് ഈ ദൈവവാക്യത്തിന്റെ ഉദ്ദേശ്യം" (*തഫ്ഹീമുൽ ഖുർആൻ*). ഇമാം ഖുശൈരി(റ) എഴുതുന്നു: "ശരീഅത്ത് നിയമങ്ങൾ പൂർത്തീകരിക്കാൻ വേണ്ട ഗുണമാണ് ഇസ്തിഖാമത്ത്. എല്ലാ നന്മയും സൽകർമവും അതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇസ്തിഖാമത്തിന് ഭാഗ്യം ലഭിക്കാത്തവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമാണ്. 'പണിപ്പെട്ട് നൂൽ നൂൽക്കുകയും പിന്നെ അത് കഷണങ്ങളായി പിന്നിക്കളയുകയും ചെയ്ത സ്ത്രീയെ പോലെ നിങ്ങൾ ആകരുത്'-*അന്നഹ്ൽ*: 92- എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുണ്ടല്ലോ. ആ സ്ത്രീയുടേതുപോലെയാണ് അവരുടെ അവസ്ഥ." ■